**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **09-08-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക വായ്പകളുടെ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വായ്പകളുടെ സബ്സിഡി ഇനത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതമായി എത്ര രൂപ നാളിതുവരെ സഹകരണ സംഘങ്ങൾക്ക് കൈമാറാൻ ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ തലത്തിൽ ലഭിക്കാനുള്ള സബ്സിഡി 31.03.2022 വരെയുള്ളത് പൂർണ്ണമായും ലഭിച്ചു. പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകിയ ഇനത്തിൽ 701.89 ലക്ഷം രൂപ (2020-21 വരെ) രൂപ പലിശയിനത്തിൽ സഹകരണ സംഘങ്ങൾക്ക് കുടിശ്ശികയുണ്ട്. കൂടാതെ 2020-21 വർഷം വരെ പ്രാഥമിക വായ്പാ സംഘങ്ങൾക്ക് നൽകാനുള്ള ഇനത്തിൽ (ഉത്തേജനപലിശയിളവ് പദ്ധതി) 279.60 കോടി രൂപ പലിശ സബ്സിഡി നൽകാനുണ്ട്. |
| (ബി) | കടാശ്വാസ കമ്മീഷൻ മരവിപ്പിച്ച കടങ്ങൾ എഴുതി തള്ളിയ ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് എത്ര തുക നൽകാനുണ്ട് ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | കാർഷിക കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹമാണെന്ന് കണ്ടെത്തിയ 21069 അപേക്ഷകളിന്മേൽ 164,78,60,643/-രൂപ കടാശ്വാസ തുക സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകാനുണ്ട്. കൂടാതെ കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച 42,84,88,695/-രൂപയുടെ 6308 അപേക്ഷകൾ അർഹതാ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ